**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1128** | **06-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളെ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത രീതിയിൽ സുരക്ഷിതമല്ലാതെ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . പദ്ധതി മാർഗ്ഗ നിർദ്ദേശ ങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാ യിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേർസ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.<br><br>ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%) യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.<br><br>19/1/2023 ന് ബോട്ട് നിർമ്മാണം സംബന്ധിച്ച് ത്രികക്ഷികരാർ കൊച്ചിൻ ഷിപ്പ് യാർഡ്, ഫിഷറീസ് വകുപ്പ്, ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹ കരണ സംഘങ്ങൾ എന്നിവർ ചേർന്ന് ഒപ്പുവച്ചു. ആദ്യ ഘട്ടമായി കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ പുരോഗമിച്ചു വരുന്നു.<br><br>കൂടാതെ ടി പദ്ധതിയിൽ അംഗങ്ങളായ സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30 മത്സ്യത്തൊഴിലാളി കൾക്ക് നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ (NCDC) യുടെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) ന്റെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്നു ദിവസത്തെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ (NIFAM) ൽ വച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ബോട്ടുകൾ പുതുതായി നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . പദ്ധതി മാർഗ്ഗ നിർദ്ദേശ ങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാ യിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ. |

ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%) യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

19/1/2023 ന് ബോട്ട് നിർമ്മാണം സംബന്ധിച്ച് ത്രികക്ഷികരാർ കൊച്ചിൻ ഷിപ്പ് യാർഡ്, ഫിഷറീസ് വകുപ്പ്, ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹ കരണ സംഘങ്ങൾ എന്നിവർ ചേർന്ന് ഒപ്പുവച്ചു. ആദ്യ ഘട്ടമായി കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ പുരോഗമിച്ചു വരുന്നു.

കൂടാതെ ടി പദ്ധതിയിൽ അംഗങ്ങളായ സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30 മത്സ്യത്തൊഴിലാളി കൾക്ക് നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ (NCDC) യുടെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) ന്റെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്നു ദിവസത്തെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ (NIFAM) ൽ വച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ